പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **2713** **10.07. 2015-** ലെ മറുപടി

**നോർക്ക മുഖേനയുള്ള ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുകയോ പരിക്ക് പറ്റുകയോ ചെയ്യുന്നവർക്ക് നോർക്ക എന്തെല്ലാം ധനസഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിബന്ധനകൾക്ക് വിധേയമായി സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായം ആയി പരമാവധി 1 ലക്ഷം രൂപയും ചികിത്സാ ധനസഹായമായി പരമാവധി 50,000 രൂപയും ധനസഹായമായി നൽകുന്നുണ്ട്. എൻ.ആർ.കെ ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ് നേടിയ പ്രവാസി മലയാളികൾക്ക് (വിദേശം) അപകടമരണം/സ്ഥിരമായ/പൂർണമായ/ഭാഗീകമായ വൈകല്യം എന്നിവയ്ക്ക് രണ്ട് ലക്ഷം (പരമാവധി) രൂപവരെയും ഇൻഷുറൻസ് ആനുകൂല്യവും നൽകുന്നുണ്ട്. കൂടാതെ എൻ.ആർ.കെ ഇൻഷുറൻസ് കാർഡ് ഉള്ള വ്യക്തികൾ (മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾ) അപകടമരണം, സ്ഥിരം/പൂർണ വൈകല്യം എന്നിവ സംഭവിച്ചാൽ രണ്ടു ലക്ഷം (പരമാവധി) രൂപ വരെയും, ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപവരെയും ഇൻഷുറൻസ് ആനുകൂല്യവും നൽകുന്നുണ്ട്. വിദേശത്ത് മരണപ്പെടുന്ന പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് സ്പോൺസറോ, ഇന്ത്യൻ എംബസിയോ ചെലവ് വഹിച്ചിട്ടില്ലെങ്കിൽ കാരുണ്യം പദ്ധതിയിൽ 50,000 രൂപ ധനസഹായം നൽകുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രവാസി മലയാളികൾക്ക് ഈ പദ്ധതി പ്രകാരം 15,000 രൂപയാണ് ഇപ്രകാരം അനുവദിക്കുന്നത്. |
| ബി) വിദേശത്ത് ജോലി ചെയ്യുന്നതിനിടയിൽ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) വിദേശരാജ്യങ്ങളിൽ വച്ച് മരണമടയുന്നവരുടെ മൃതദേഹങ്ങൾ സ്വദേശത്തേക്ക് എത്തിക്കുന്നതിനായി ബന്ധപ്പെട്ട എംബസിയുടേയും, സാമൂഹ്യ സന്നദ്ധപ്രവർത്തകരുടേയും സംഘടനകളുടേയും സഹകരണ |

ത്തോടെ എത്രയും വേഗം ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് നോർക്ക വകുപ്പ് മുൻകൈയെടുത്ത് നടപടി സ്വീകരിക്കുന്നുണ്ട്.

സി)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോർക്കയുടെ വിവിധ പദ്ധതികൾ മുഖേന മലപ്പുറം ജില്ലയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സി) നോർക്കയുടെ വിവധ പദ്ധതികൾ പ്രകാരം മലപ്പുറം ജില്ലയിൽ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| പദ്ധതി | എണ്ണം |
|---|---|
| NDPREM | 59 |
| സാന്ത്വന | 888 |
| ചെയർമാൻ ഫണ്ട് | 74 |
| കാരുണ്യം | 7 |
| എൻ. ആർ.കെ ഐഡി കാർഡി ലൂടെ ആനുകൂല്യം ലഭിച്ചവർ | 8 |

സെക്ഷൻ ഓഫീസർ